# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## അരീക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം 7/158/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം 7/158/23 തീയ്യതി: 10/03/2023

## മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-04-2022 മുതൽ 15-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയരക്ടർ | 16-01-2023 | 24-01-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സലീം ടി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുജാത എം, ഓഡിറ്റർ
ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദു ഹാജി ടി.കെ.ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സുബൈർ സി പി | സെക്രട്ടറി | 01-04-2021 | 30-09-2021 |
| ശ്രീമതി. വിനി. എസ് | സെക്രട്ടറി | 01-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അരവിന്ദൻ പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. ഗിരീഷ് എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. വീണ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 23-11-2021 |
| ശ്രീമതി. ശാന്തകുമാരി വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീ. നജ്മുദ്ദീൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷിജു ജോയ് | വി.ഇ.ഒ | 01-04-2021 | 14-02-2022 |

| | | | |
|---|---|---|---|
| ശ്രീമതി. അമാനിഷ എം | വി.ഇ.ഒ | 15-02-2022 | 31-03-2022 |
| ഡോ. സ്മിത റഹ്മാൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ബിന്ദു എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ലത എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. ചന്ദ്രൻ.എ.കെ. | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. നൗഫൽ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന. | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക-അപാകതകൾ | 1-11 |
| 12 | വഴി വർദ്ധനവ് ചെയ്യാതെ വസ്തു നികുതി നിർണ്ണയിച്ചു. | 1-12 |
| 13 | അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-13 |
| 14 | മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണ അനുമതി നൽകി | 1-14 |
| 15 | ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു. | 1-15 |
| 16 | ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടി - രേഖ ലഭ്യമാക്കിയില്ല | 1-16 |
| 17 | ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. | 1-17 |
| 18 | തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും വൈദ്യുതിചാർജും - കണക്കുകൾ വ്യവസ്ഥപിതമായി സൂക്ഷിക്കുന്നില്ല | 1-18 |
| 19 | മഴക്കാല പൂർവ്വ ശുചീകരണം- മുൻകൂർ നൽകിയ തുക ചെലവഴിച്ചില്ല | 1-19 |
| 20 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം- പ്രവർത്തനം തുടങ്ങിയില്ല. | 1-20 |
| 21 | ഇലക്ട്രിക്കൽ വർക്ക്- അപാകതകൾ | 1-21 |
| 22 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-22 |
| 23 | കണക്കിൽ പെടാത്ത പണം അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-23 |
| 24 | ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല | 1-24 |
| 25 | സമയക്രമം പാലിച്ച് കരാർ വെക്കാത്തതിനു പിഴ ഈടാക്കിയില്ല. | 1-25 |
| 26 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-26 |
| 27 | പൊതു മരാമത്ത് പ്രവൃത്തികൾ - നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-27 |
| 28 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-28 |
| 29 | ഹോമിയോ മരുന്ന് വാങ്ങൽ 139436 / രൂപയുടെ മരുന്നുകൾ ലഭ്യമായില്ല | 1-29 |
| 30 | ജല ജീവൻമിഷൻ - പഞ്ചായത്ത് വിഹിതം നൽകിയത് - വിനിയോഗ വിവരം ലഭ്യമല്ല. | 1-30 |
| 31 | വെള്ളം ഗുണനിലവാര പരിശോധന ലാബ് സ്ഥാപിച്ചില്ല - പാഴ്ചെലവ് | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത്) തീരുമാന നം./ തിയ്യതി |
|---|---|
| 2/1 തിയതി 25.02.2021 | 2/22 തിയതി 24.03.2022 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 28.04.2022 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 64273139 |
| വരവ് | 98760714 |
| ആകെ | 163033853 |
| ചെലവ് | 116359514 |
| നീക്കിയിരിപ്പ് | 46674339 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14439800 | 14439800 | 14439800 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6931394 | 6931394 | 6877000 | 54394 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 8479356 | 8479356 | 8362673 | 116683 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5374003 | 5374003 | 4606063 | 767940 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 8314133 | 8314133 | 5064858 | 3249275 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 2966000 | 2966000 | 2978579 | -12579 |
| ബി ഫണ്ട് | 0 | 52538860 | 52538860 | 52538860 | |

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മന്റ് അപാകതകൾ

1) വിവിധ ഫണ്ട് ചെലവ്, നീക്കിയിരിപ്പ് തുകകൾ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മന്റ് എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം |
| വികസന ഫണ്ട്-ജനറൽ | 14439800 | 15929000 | 0 | -1489200 |
| മെയിന്റനൻസ് ഫണ്ട് NR | 4606063 | 4562333 | 767940 | 811670 |

2) CSS, SSS എന്നീ ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത്ത പ്രകാരം ചെലവും നെഗറ്റീവ് നീക്കിയിരിപ്പും രേഖപ്പെടുത്തിക്കാണുന്നു.

| ഗ്രാന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| CSS | 3259732 | -3259732 |
| SSS | 3088144 | -3088144 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 266 | 120114435 | 177 | 71759751 | 21 | 68 | 66.54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| **ഇനം** | **മുന്നിരിപ്പ്** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിയിരുപ്പ്** |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 21181 | 455781 | 476962 | 428125 | 48837 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 12550946 | 12550946 | 12550946 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 4620900 | 297 |
| വിധവാപെൻഷൻ | 17017900 | 1065 |
| വാർദ്ധക്യകാല പെൻഷൻ | 24321700 | 1664 |
| ഭിന്നശേഷി പെൻഷൻ | 6118200 | 395 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 368000 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.23 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59427/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2021-22 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

. ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. - പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടില്ല

. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

. കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിട നമ്പർ എന്നിവയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിൽ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണോ എന്ന്ത സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിക്കുന്നില്ല

. ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

. കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.

. അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ , സ്പെഷ്യൽ TSB അക്കൗണ്ട് എന്നിവയിൽ കണക്കിൽപെടാത്ത പണം അവശേഷിക്കുന്നു

മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.12.22 | 01.06.2022 മുതൽ 30.11.2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.08.2013 | 2012-13 | 29.08.2013 |

## 1-11 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 8572432 | 8581286 | 8104863 | 8068830 | 477099 | 515712 |
| കുടിശ്ശിക | 5105717 | 1056452 | 824740 | 824508 | 232035 | 233812 |

2) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) RP31 പ്രകാരം സംയുക്ത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ആകെ 6120820/- രൂപയാണ് വരവ്. ചെലവ് പത്രിക പ്രകാരം 4989772/-രൂപയാണ് വരവും ചെലവും. ആയത് പ്രകാരം 1131048 രൂപ നീക്കിയിരിപ്പുണ്ടാവേണ്ടതാണ്. എന്നാൽ വാർഷിക കണക്കിൽ B4 പ്രകാരം ബ്ലോക്ക് വിഹിതത്തിൽ ആകെ 921322 രൂപയാണ് നീക്കിയിരിപ്പ്. 209726/- രൂപ വ്യത്യാസം.

4) മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് ഇനത്തിലെ വരവ്/ചെലവ് തുക ACR പ്രകാരം 4606063രൂപയാണ് എന്നാൽ വാർഷിക കണക്ക് പ്രകാരം ആയത് 4562333/- രൂപയാണ്.

5) വാർഷിക കണക്ക് പ്രകാരം Liability In Respect Of Stale Cheque ഇനത്തിൽ 329320 രൂപ ബാധ്യതയായിട്ടുണ്ട്. ഇതിൽ 282043 രൂപയുടെ ചെക്ക് 30.03.2022 തിയ്യതിയിലെയാണ്. ശേഷിക്കുന്ന 47277 രൂപക്കുള്ള വിവിധ ചെക്കുകൾ 31.03.22ന് മൂന്ന് മാസ കാലവധി കഴിഞ്ഞവയാണ്. എന്നാൽ ആയവ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.14/2021-22/20.01.2023ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷമുള്ള അപാകതകളാണ് ഉൾപ്പെടുത്തിയത്. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-12 വഴി വർദ്ധനവ് ചെയ്യാതെ വസ്തു നികുതി നിർണ്ണയിച്ചു.

2021-22 സാമ്പത്തിക വർഷത്തെ നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ ശ്രീ. മുഹമ്മദ് ബഷീർ മുസ്ലീയാരകത്ത് എന്നവർക്ക് ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ റീ.സ. നം 147/14 നമ്പറിലുള്ള 258 ച.മീ സ്ഥലത്ത് 286.2ച.മീ വിസ്തീർണ്ണമുള്ള ഇരു നില വാണിജ്യ ആവശ്യ കെട്ടിടം നിർമ്മിച്ചതിന് 3/336 A മുതൽ K വരെ നമ്പറുകൾ അനുവദിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 8 മീറ്റർ വീതിയുള്ള റോഡിന്റെ സമീപമാണ്. എന്നാൽ സഞ്ചയയിൽ കെട്ടിടത്തിന്റെ വിവരങ്ങൾ ചേർത്തപ്പോൾ, 5മീറ്റർ വീതിയുള്ള വഴി സൗകര്യം എന്ന് രേഖപ്പെടുത്തുന്നതിന് പകരം 1.5 മീറ്റർ കൂടുതൽ വീതിയുള്ള വഴി സൗകര്യം എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ വസ്തു നികുതി ചട്ടപ്രകാരം, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് നികുതി കണക്കാക്കിയപ്പോൾ കണക്കിലെടുത്തിട്ടില്ല.

2) ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടം ആകെ 228.96 ച.മീ ആണ്. എന്നാൽ ക്രമൽക്കരണ ഫീസ് ഈടാക്കിയതും നികുതി നിർണ്ണയിച്ചതും 286.2 ച.മീ വിസ്തീർണ്ണത്തിനാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 25/2021-22/23.01.2023-മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-13 അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ച , കെട്ടിട നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ, ചില കെട്ടിടങ്ങൾ/ സൈറ്റുകൾ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 23.01.2023 ന് ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ്, കെട്ടിട ഉടമ, നമ്പർ, തരം , വിസ്തീർണ്ണം- ഫയൽ/ സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ | പരിശോധനയിലെ കണ്ടെത്തലുകൾ/അപാകതകൾ |
|---|---|---|
| 1 | ഉടമ – ശ്രീ. അബ്ദുൾ ബഷീർ, ഇസ്മയിൽ, അബ്ദുൾ അസീസ്, അലവി, ഹുസൈൻ<br>അനുവദിച്ച നമ്പർ – 6/896 A (188.42ച.മീ), B(102.42ച.മീ), C(78.22ച.മീ), D(92.02ച.മീ)<br>അപ്രൂവ്ഡ് പ്ലാൻ, ഫയൽ എന്നിവ പ്രകാരം ആകെ 864.6 ച.മീ(403.51 Cellar+428.86 GF+32.23 FF) വിസ്തീർണ്ണം ക്രമവൽക്കരിച്ചാണ് നമ്പർ അനുവദിച്ചത്. Plot Area: 660ച.മീവിസ്തീർണ്ണം, FSI: 0.66, Coverage – 64.98<br>നികുതി തരം- വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>ഒരു വശം അതിരിനോട് ചേർന്ന് നടപ്പാതയുണ്ട്. 6 കാർ പാർക്കിംഗ് സൗകര്യമാണ് വേണ്ടത് (403.51-25.86=377.95ച.മീ. 864.6-377.65=486.95/90=5.41) എങ്കിലും 10 കാർ പാർക്കിംഗ് സൗകര്യം സെല്ലാർ ഫ്ലോറിൽ ഒരുക്കിയിട്ടുണ്ട്. | 1) ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ (428.86 ച.മീ) കെട്ടിടത്തിൽ രണ്ടാം നില അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്.<br>2) രണ്ടാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം കൂടി ചേരുമ്പോൾ കെട്ടിടത്തിന്റ കാർ പാർക്കിംഗ് കണക്കാക്കുന്നതിലേക്ക് ആകെ വിസ്തീർണ്ണം 915.81 ച.മീ. ആവും(486.95+428.86) ആയത് പ്രകാരം 11 കാർ പാർക്കിംഗ് സൗകര്യ ഒരുക്കണം.<br>3) ഒരു വശം അതിരിനോട് ചേർന്ന് നടപ്പാതയുള്ളതിനാൽ ആ വശത്ത് അതിരിൽ നിന്നും 2 മീറ്റർ അകലം പാലിക്കേണ്ടതാണ്. എന്നാൽ ടി വശത്ത് അതിരിൽ നിന്നും കെട്ടിടം 1.4 മീറ്റർ മാത്രം അകലത്തിലാണ്. |
| | ഉടമ – ശ്രീ. അബ്ദുൽ ജബ്ബാർ, അബ്ദുൽ ഹക്കീം.<br>അനുവദിച്ച നമ്പർ – 9/101 A മുതൽ N വരെ.<br>ആകെ 574ച.മീ(182 GF+182 FF+ 210SF).<br>കെട്ടിടത്തിന് 5 കാർ പാർക്കിഗ് സൗകര്യം, ഗ്രൗണ്ട് ഫ്ലോറിലും 4 കാർ പാർക്കിംഗ് സെല്ലാറിലുമായി 8 കാർ പാർക്കിംഗ് സൗകര്യം ആണ് ഒരുക്കിയിരിക്കുന്നത്.<br>നിലവിൽ കെട്ടിടത്തിന് സെല്ലാർ 1 ഫ്ലോറിൽ കാർ പാർക്കിംഗും സെല്ലാർ 2 ഫ്ലോറിൽ 141.3 ക്വാർട്ടേഴ്സ് ഉം സെക്കന്റെ ഫ്ലോർ 210ച.മീ കൊമേഴ്സ്യലും ഉം ആയി ആകെ 351 ച.മീ വിസ്തീർണ്ണം നിർമ്മാണത്തിന് A5-BA(42560)/2022/04.02.2022 പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ആകെ വിസ്തീർണ്ണം 925 ച.മീ ആവും. | നമ്പർ അനുവദിച്ച ഫയൽ പ്രകാരമുള്ള പാർക്കിംഗ് സൗകര്യം സെല്ലാർ ഫ്ലോറിൽ നിലവിൽ ലഭ്യമല്ല.<br>മേൽ കാർ പാർക്കിംഗ് സ്ഥലത്തേക്ക് നിലവിൽ വാഹനം പ്രവേശിക്കാവുന്ന രീതിയിലുള്ള റോഡ് സൗകര്യമില്ല. |

നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട ക്രമ നം1 കെട്ടിടത്തിലെ നിർമിതികൾക്ക് നാളിതുവരെയും ക്രമവൽകരണം നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. അനധികൃത നിർമ്മിതികൾക്കെതിരെ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്. **നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളായതിനാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.**

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 28/2021-22/24.01.2023 ന് മറുപടി ലഭ്യമായിട്ടില്ല.
മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനും, അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള ഉയർന്ന നികുതി ചുമത്തി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണ അനുമതി നൽകി

11/ 2019 മുതൽ കെട്ടിട നിർമ്മാണാനുമതിക്ക് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് 2019 ലെ കെരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ആണ് ബാധകമാകുന്നത്. 23.10.2021 ന് കെട്ടിട നിർമ്മാണാനുമതിക്ക് സമർപ്പിക്കപ്പെട്ട അപേക്ഷയിൽ 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ കെട്ടിട നിർമ്മാണാനുമതി നൽകിക്കാണുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| അപേക്ഷകൻ | കെട്ടിടത്തിന്റെ വിനിയോഗം/ ബിൽറ്റപ്പ് ഏരിയ | പെർമിറ്റ് വിവരം | കുറിപ്പ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീ.മുഹമ്മദ് ജാഫർ.എം.പി & മുഹമ്മദ് ഷഫീഖ് .എം.പി<br>A5-4985/21/23.10.2021<br>റീ.സ.നം 31/364/20,24<br>250 ച.മീ | വാണിജ്യകെട്ടിടം<br>Existing- 273.22 ച.മീ (GF-126.92 + FF- 146.30)<br>Proposed- 146.30 ച.മീ (SF)<br>419.52 ച.മീ | A5-BA (269344)/2021<br>തി.09.11.2021 | സൈറ്റ് നേരിൽ പരിശോധിച്ചതായും സമർപ്പിച്ച പ്ലാൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നും അസി.എഞ്ചിനീയർ , എൽ .എസ്.ജി.ഡി സെക്ഷൻ അരീക്കോട് റിപ്പോർട്ട് ചെയ്തതായി (01.11.2021) കാണുന്നു. |

പഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നൽകിയ മേൽ അപേക്ഷ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി

**1) ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഇല്ല.**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 29 (3) പ്രകാരം പാർക്കിംഗ് കണക്കാക്കേണ്ടത് കെട്ടിടത്തിന്റെ ബിൽറ്റ്പ്പ് ഏരിയക്ക് ആനുപാതികമായാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പട്ടിക 10 പ്രകാരം മേൽ പരാമർശിക്കപ്പെട്ട കെട്ടടത്തിന് 5 കാർ പാർക്കിംഗ് സൗകര്യം ആവശ്യമാണ്. ( 419.52/ 90 = 4.66==5 ). എന്നാൽ മേൽ കെട്ടിടത്തിന് പെർമിറ്റ് നൽകിയ പ്ലാൻ പ്രകാരം 4 കാർ പാർക്കിംഗ് മാത്രമെ നൽകിയിട്ടുള്ളൂ.

**2) പാർക്കിംഗിൽ നിന്ന് തെരുവിലേക്കുള്ള പ്രവേശന മാർഗ്ഗം കാണിച്ചിട്ടില്ല.**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 29 (4) പ്രകാരം തെരുവുവിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തുനിന്നും തെരുവിലേക്ക് മൂന്ന് മീറ്റർ വീതിയിൽ കുറയാത്ത വാഹന പ്രവേശന മാർഗ്ഗമുണ്ടായിരിക്കേണ്ടതും ( ഡ്രൈവ് വേ) , നിരകൾക്ക് മദ്ധ്യേയുള്ള പാത, വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം ഉള്ളവയായിരിക്കേണ്ടതുമാണ്. എന്നാൽ മേൽ പരാമർശിക്കപ്പെട്ട കെട്ടിടത്തിന്റെ അംഗീകരിച്ച പ്ലാനിൽ ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യവും വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലവും നൽകിയിട്ടില്ല. കൂടാതെ പ്ലാനിൽ കാണിച്ച പ്രകാരം വാഹനങ്ങൾ പാർക്ക് ചെയ്താൽ കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗവും ലഭ്യമല്ല.

**3) പ്ലോട്ട് അതിരിൽ നിന്നുള്ള അകലം സംബന്ധിച്ച റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.**

ഈ കെട്ടിടത്തിന്റെ താഴത്തെ നില, ഒന്നാം നില എന്നിവയ്ക്ക് നമ്പർ ലഭിക്കുന്നതിന് കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഒരു സൈഡ് അതിരിൽ നിന്നും നിയമപ്രകാരമുള്ള അകലം പാലിക്കാത്തതിനാൽ സമീപ സ്ഥല ഉടമയുടെ അനുമതി വാങ്ങി നമ്പർ നൽകവുന്നതാണ് എന്നാണ് സൈറ്റ് പരിശോധിച്ച ഓവർസിയർ റിപ്പോർട്ട് നൽകിയിരുന്നത്.

എന്നാൽ കെട്ടിടത്തിന് മുകൾ നില നിർമ്മിക്കുന്നതിന് സമർപ്പിച്ച പ്ലാനിലും, എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിലും കെട്ടിടം അതിരിൽ നിന്ന് അകലം പാലിക്കാത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ആദ്യ നില നിർമ്മിച്ചപ്പോൾ അതിരിനോട് നിശ്ചിത അകലം പാലിക്കാതെ നിർമ്മിച്ചു എന്ന് ഉടമസ്ഥൻ തന്നെ അംഗീകരിച്ച കെട്ടിടത്തിന് മുകൾ നില നിർമ്മിച്ചപ്പോൾ താഴത്തെ നിലയിലെ അകലമില്ലായ്മ പരിഹരിക്കപ്പെട്ടത് എങ്ങനെ എന്നത് സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ ഇല്ല.
ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം, അതിരിൽ നിന്നുള്ള അകലം എന്നിവ പാലിക്കാതെ സമർപ്പിക്കപ്പെട്ട പ്ലാൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് തെറ്റായ റിപ്പോർട്ട് നൽകി കെട്ടിട നിർമ്മാണ അനുമതി നൽകിയത് ശരിയല്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും , ചട്ടത്തിന് വിരുദ്ധമായ കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(Enquiry Number : 21/21.01.2023 മറുപടി ലഭ്യമാക്കിയില്ല.)

## 1-15 ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു.

1996 ലെ കേരളപഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം പഞ്ചായത്തിലെ ഏതൊരു മിച്ചഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൌണ്ടിലും അല്ലെങ്കിൽ ആഡിറ്റ് തരംതിരിവിൽ B യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയത്.
എന്നാൽ ഇതിന് വിരുദ്ധമായി എസ്.ബി.ഐ അരീക്കോട് ശാഖയിലെ ബാങ്ക് അക്കൗണ്ടിലാണ് 2 കോടി രൂപയുടെ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത്.( 22100619, 620 / 17.11.2021 ) ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും (Enquiry Number : 13/20.01.2023) മറുപടി ലഭ്യമാക്കിയില്ല. മിച്ചഫണ്ട് നിക്ഷേപിക്കുന്നതിൽ ചട്ടത്തിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-16 ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടി - രേഖ ലഭ്യമാക്കിയില്ല

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്ടിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരംപരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി( 2/ 17.01.2023) എങ്കിലും ഇതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെ മുഴുവൻ ആസ്തിയും ഉൾപ്പെട്ടിട്ടില്ല എന്ന് ഗ്രാമപ്പഞ്ചായത്ത് മിനുട്ട്സ് പരിശോധിച്ചതിൽ വ്യക്തമായി. മുൻ വർഷത്തിൽ അരീക്കോട് ഗ്രാമപഞ്ചായത്ത് നിർമ്മാണ പ്രവർത്തികളിലൂടെ സൃഷ്ടിച്ചെടുത്തതും വിലകൊടുത്ത് വാങ്ങിയതും പഞ്ചായത്തിന് വിട്ടു തന്നതുമായ പല ആസ്തി വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തത് മൂലം അന്യാധീനപ്പെട്ട് പോകുന്നുണ്ടെന്നും, പഞ്ചായത്തിന് മുൻ വർഷങ്ങളിൽ റിലിങ്ക്വിഷ് ചെയ്ത് തന്നതും മരാമത്ത് പ്രവൃത്തികൾ നടത്തിയതുമായ പല റോഡുകളും നിലവിൽ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും അത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കാനും ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ട്. ( 01.02.2022 ലെ തീരുമാനം 8)

ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/20.01.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമനത്തിൽ നിന്ന് വ്യക്തമാണ്.

പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും കണ്ടെത്തി അവയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന് തന്നെയാണ് എന്ന് ഉറപ്പു വരുത്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ സമഗ്രമായി പരിഷ്ക്കരിച്ച് കുറ്റമറ്റരീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും വൈദ്യുതിചാർജും - കണക്കുകൾ വ്യവസ്ഥപിതമായി സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ സ്ഥാപനം പരിപാലനം വൈദ്യുതി ചാർജ് എന്നീ മേഖലകളിൽ ഗ്രാമപഞ്ചായത്ത് ഭീമമായ തുക ചെലവ് ചെയ്യുന്നുണ്ട്. എന്നാൽ ഈ മേഖലകളിലെ ആസൂത്രണം, ചെലവ് അക്കൗണ്ടിംഗ്, സ്ഥിതിവിവരക്കണക്കുകളുടെ സൂക്ഷിപ്പ് എന്നിവ വ്യവസ്ഥാപിതമല്ല എന്നാണ് രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

1). തെരുവ് വിളക്കുകൾ സംബന്ധിച്ച് താഴെ പറയുന്ന കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, ഇവയിൽ മീറ്റർ വെച്ച് പ്രവർത്തിക്കുന്നവ, വൈദ്യുതി ബോർഡ് നൽകിയ കൺസ്യൂമർ നമ്പറുകൾ ഇവ സംബന്ധിച്ച് വിവരങ്ങൾ വ്യവസ്ഥപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2.തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് :-

എല്ലാ കണക്ഷനുകൾക്കും മീറ്ററിംഗ് സംവിധാനം ഉണ്ടോ എന്ന് വ്യക്തമല്ല. 2021-22 ൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ആകെ 1048266 /- രൂപ ചെലവുണ്ട്.

3. തെരുവ് വിളക്ക് ലൈൻ മീറ്റർ സ്ഥാപിക്കൽ

തെരുവ് വിളക്ക് -സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും (212/22) പ്രവൃത്തിക്കായി 29,50,000/- രൂപ 2021-22 ൽ വിനിയോഗിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചതായി KSEB റിപ്പോർട്ട് നൽകിയതായും കാണുന്നു.

4). തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനായി പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5). നിലാവ് പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച വിളക്കുകളിൽ 90 % വും പ്രവർത്തിക്കുന്നില്ലെന്നും ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും ഭരണ സമിതി തീരുമാനമെടുത്തതായി കാണുന്നു. ( 10.03.2022 ലെ തീരുമാനം 2(1) ) എന്നാൽ തുടർ നടപടി വിവരം ലഭ്യമല്ല.

ഗ്രാമപഞ്ചായത്ത് ഭീമമായ തുക ചെലവ് ചെയ്യുന്ന ഈ മേഖലയിലെ കണക്കുകളും നിയന്ത്രണ സംവിധാനങ്ങളും കാര്യക്ഷമമാക്കേണ്ടതാണ്.

## 1-19 മഴക്കാല പൂർവ്വ ശുചീകരണം- മുൻകൂർ നൽകിയ തുക ചെലവഴിച്ചില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തനത്ഫണ്ടിൽ നിന്നും 18 വാർഡുകളിലെയും വാർഡ് തല സാനിറ്റേഷൻ സമിതിയുടെ അക്കൗണ്ടിലേക്ക് 30000/- രൂപ വീതം താഴെപ്പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | തുക |
|---|---|
| 22100067/26.04.2021 | 180000/- |
| 22100555/28.10.2021 | 180000/- |
| 22101136/07.03.2022 | 180000/- |

Sanitation Expenses (230800110) എന്ന ചെലവ് ഹെഡിലാണ് ചെലവ് ചെയ്തിട്ടുള്ളത്. എന്നാൽ വാർഡ് തല സാനിറ്റേഷൻ സമിതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്ന് തുക മുൻകൂർ നൽകിയതാണെന്ന് വ്യക്തമാകുന്നു. കൂടാതെ 14, 15, 16 എന്നീ വാർഡുകളിൽ മാത്രമാണ് ഈ ആവശ്യത്തിനായി നൽകിയ ₹30000 പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളത്. വിവിധ വാർഡുകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന (ഓഡിറ്റ് തിയ്യതിയിൽ 20.01.2023) തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|
| 2, 4, 6 | 20000/- |
| 1, 3, 5, 7, 8, 9, 10, 11, 12, 13, 17, 18 | 10000/- |

180000/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തുക ചെലവഴിച്ചതായി കാണിച്ച് Sanitation Expenses (230800110) എന്ന ഹെഡിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 180000/-രൂപ തടസ്സം ചെയ്യുന്നു.

(Enquiry Number : 19/21.01.2023 മറുപടി ലഭ്യമാക്കിയില്ല)

## 1-20 വനിതാ തൊഴിൽ പരിശീലന കേന്ദ്രം- പ്രവർത്തനം തുടങ്ങിയില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2021-22 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രൊജക്റ്റുകളിലായി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | പദ്ധതി | സ്ഥാപനം, ഇൻവോയ്സ് വിവരം | തുക |
|---|---|---|---|
| 1 | പൂങ്കുടി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ (143/22) | കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് RHW/21-22/11 Dtd. 27.04.21 | 122592/- (22100377/17.08.21) |
| 2 | വിയറ്റ്നാം കോളനി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ (144/22) | കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് RHW/21-22/10 Dtd. 27.04.21 | 238461/- (22100378/17.08.21) |

മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിതരണ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വിയറ്റ്നാം കോളനി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലേക്കുള്ള ഫർണിച്ചറുകളും ഉപകരണങ്ങളും തൻഹ ടൈലറിംഗ് കുടുംബശ്രീ യൂണിറ്റും പൂങ്കുടി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലേക്കുള്ള ഫർണിച്ചറുകളും ഉപകരണങ്ങളും സൗഹൃതം ടൈലറിംഗ് കുടുംബശ്രീ യൂണിറ്റും കൈപ്പറ്റിയതായി കണ്ടു .എന്നാൽ മേൽ കുടുംബശ്രീ യൂണിറ്റുകളുമായി കരാർ വെച്ചതായി കാണുന്നില്ല. 23.01.2023 ന് മേൽസ്ഥാപനങ്ങൾ പരിശോധിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ നിന്ന് കൈപ്പറ്റിയവ സ്റ്റോക്കിലെടുക്കുകയോ നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (ടൈലറിംഗ് യൂണിറ്റ്) പ്രവർത്തനം തുടങ്ങിയിട്ടില്ല. വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(Enquiry Number : 20/21.01.2023)

## 1-21 ഇലക്ട്രിക്കൽ വർക്ക്- അപാകതകൾ

സ.ഉ (സാ.ധാ) നം 2878/2015/ തസ്വഭവ തി.22.09.2015 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ LSGD എക്സി .എഞ്ചിനീയർ തയ്യാറാക്കേണ്ടതാണെന്നും ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയായറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്വമായിരിക്കും. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3% ൽ കവിയാത്തതുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതുമാണ്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി , വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്. പ്രസ്തുത കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സി. എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങൾക്ക് എസ്റ്റിമേറ്റിന്റെ 1% ഓണറേറിയമായി നൽകാവുന്നതുമാണ്. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്.

2021- 22 വർഷത്തിൽ നടപ്പിലാക്കിയ വിവിധ ഇലക്ട്രിക്കൽ പ്രവൃത്തികളിൽ സ.ഉ (സാ.ധാ) നം 2878/2015/ തസ്വഭവ തി.22.09.2015 ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയായറാക്കുക എന്നിവക്കുള്ള (3%), പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 1% ഓണറേറിയവും ഒരാളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 26/24.01.2023 ) മറുപടി ലഭ്യമാക്കിയില്ല. തുടർന്ന് ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-22 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3. 2021-22 വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ എഴുതിയിട്ടില്ല.
4. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
6. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 22/23.01.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കാഷ്ബുക്ക് ശരിയായി എഴുതി തയ്യാറാക്കേണ്ടതാണ്.

## 1-23 കണക്കിൽ പെടാത്ത പണം അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400001281 നമ്പർ അക്കൗണ്ടിൽ 23.01.2023 ന് ₹ 383014 യും SBI അരീക്കോട് ശാഖയിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള 67097165521 നമ്പർ അക്കൗണ്ടിൽ 25.03.2022 ന് ₹ 51662 യും, ഇ ടെണ്ടർ ഫീ വരവ് വയ്ക്കുന്ന 37854506409 നം അക്കൗണ്ടിൽ 9.1.2023 നു ₹ 820953.50 യും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി.

ഈ അക്കൗണ്ടുകളിലെ വരവ് ചെലവ് വിവരം അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അക്കൗണ്ടുകളിലെ ഇടപാടുകൾ നിരീക്ഷിക്കുന്നതിന് മറ്റ് ഏതെങ്കിലും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ

അക്കൗണ്ടിൽ വരവ് വന്ന തുകകൾ അർഹരായവർക്ക് നൽകിയോ എന്നും ബാക്കി നിൽക്കുന്ന തുക ആർക്കെല്ലാം നൽകാനുള്ളതാണ് എന്നത് സംബന്ധിച്ചും അസിസ്റ്റന്റ് എഞ്ചിനിയർക്ക് വ്യക്തമായ വിവരം ഇല്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെട്ടുന്ന തുക മാത്രമാണ് എഞ്ചിനിയറുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അതുപോലെ ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ വരവ് വരേണ്ടതുള്ളു. എന്നാൽ ഇ ടെണ്ടർ അക്കൗണ്ടിന് പുറമെ മറ്റൊരു അക്കൗണ്ടിലും പണം അവശേഷിക്കുന്നതായി പരിശോധനയിൽ വ്യക്തമായി.

അസിസ്റ്റന്റ് എഞ്ചിനിയർക്ക് ലഭിച്ച പണം യഥാസമയം അർഹരായവർക്ക്നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിൽ നിന്ന് വ്യക്തമാകുന്നത്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള വിവിധ അക്കൗണ്ടുളിലായി ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/ 23.01.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-24 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല.

പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( 3/17.01.2023 ) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് SBI യിൽ ഉള്ള 37854506409 നം അക്കൗണ്ടിൽ ആണ് വരവ് വയ്ക്കുന്നത് എന്നും തുക പെട്ടന്ന് തന്നെ പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിക്കപ്പെട്ട ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശേധിച്ചതിൽ പ്രസ്തുത അക്കൗണ്ടിൽ 09.01.2023 ന് ₹ 820953.50 നീക്കിയിരിപ്പുള്ളതായി വ്യക്തമായി. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം പരിശോധിച്ച് ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക കണക്കാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

ടെണ്ടർ ഫീ തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ വരവ് വരുന്നതിന് മുമ്പുള്ള കാലയളവിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ മലപ്പുറം പേരിലുള്ള അക്കൗണ്ടിലായിരുന്നു വരവ് വച്ചിരുന്നത്. ഈ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-25 സമയക്രമം പാലിച്ച് കരാർ വെക്കാത്തതിനു പിഴ ഈടാക്കിയില്ല.

PWD Manual ഖ 2009-6 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് സെലക്റ്റ് ചെയ്യപ്പെട്ട കരാറുകാരൻ സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം കരാർ വെക്കേണ്ടതാണ്. പ്രവൃത്തിക്ക് കരാർ വെക്കേണ്ട അവസാനതിയ്യതിയും അതിനു മുമ്പ് കരാർ വെക്കാത്ത പക്ഷം കരാർതുകയുടെ 1 % പിഴ ഈടാക്കുമെന്നതും വ്യക്തമാക്കിക്കൊണ്ടാണ് അസിസ്റ്റന്റ് എഞ്ചിനിയർ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ സമയക്രമം പാലിച്ച് കരാർ വെക്കുകയോ വൈകിയതിനു പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രൊജക്റ്റ് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ്, കരാർ വെക്കേണ്ട തിയ്യതി | കരാർ, കരാർ തുക ഈടാക്കേണ്ട പിഴ | ചെലവ് വിവരം വൗച്ചർ , തുക |
|---|---|---|---|
| എഎംഎൽപി സ്കൂൾ ചോലക്കുളം പൂർത്തീകരണം (281/22), ഫായിസ് പി | AE/LSGD/TN-3/2021-22 തിയ്യതി 18.1.22 – 31.1.22 | 71/AE/LSGD/AKD/21-22 തിയ്യതി 8/2/22 - 178293 പിഴ-1783 | 22101375/26.3.22, 199,408 |
| പോത്തുംകുണ്ട് റോഡ് റീടാറിംഗ് (113), ഫായിസ് പി | AE/LSGD/TN-3/2021-22 തിയ്യതി 18.1.22 – 31.1.22 | 70/AE/LSGD/AKD/21-22 തിയ്യതി 8/2/22 - 176221 പിഴ-1762 | 22101319/23.3.22, 186,686 |
| പൂക്കോട്ടുചോല അംഗനവാടി നിർമ്മാണം(175/22) യൂസഫ് സി | GN/2019/AE/LSGD/ARK തിയ്യതി 18.1.20 – 3.2.20 | 87/AE/LSGD/AKD തിയ്യതി 13.3.2020 – 1105489 പിഴ-11055 | 22100680/4.12.21 – 580000 (Part Bill) |

കോവിഡ് പാശ്ചാത്തലത്തിൽ ഈ വിഷയത്തിൽ നൽകിയ ഇളവ് 15.10.2021 വരേ മാത്രമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറി നമ്പർ 6/18.1.23 നു മറുപടി നൽകിയിട്ടില്ല. പിഴ 14600/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്.പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പീലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ
4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ
5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

. കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

. കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.

. എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.

. സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.

. ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2021-22,2022- 23 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ രേഖകൾ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന്  നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/23.01.2023) രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് ഇതുസംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചായിരിക്കാൻശ്രദ്ധിക്കേണ്ടതാണ്.

## 1-27 പൊതു മരാമത്ത് പ്രവൃത്തികൾ - നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 159 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 114 പ്രൊജക്ടുകളിലായി ആകെ 25131241 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 159 | ആകെ അടങ്കൽ | 44340904 |
| നടപ്പിലാക്കിയത് | 114 | ചെലവ് | 25131241 |
| ശതമാനം | 72 | ചെലവ് ശതമാനം | 57 |

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി  തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽർ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ,  തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

1)കാഷ് ബുക്ക്

2021-22 വർഷത്തെ കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയത് പരിശോധിച്ചതിൽ കാഷ് ബുക്കിൽ വ്യക്തമായ വിവരങ്ങൾ ചേർക്കാതെയാണ് കാണപ്പെട്ടത്. ചെലവിന്റെ വ്യക്തമായ വിവരങ്ങൾ കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

2)ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും, ഇ.എം.ഡി ഒടുക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താതെയും അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

3) സെക്യൂരിറ്റി രജിസ്റ്റർ

VI)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ  നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 7/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.
മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

അംഗൻവാടികളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് 2021-22 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ട് പ്രകാരം ഫർണിച്ചർ വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.
അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ **( 306/22 )**

ചെലവ് - ₹ 4,33,000- NR (Bill No. 12/21-22/30.03.2022)

പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനം ( ഇ.നം. 554/25.03.2022) ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പ്രകാരം അംഗീകരിക്കപ്പെട്ട് കാണുന്നില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | Baby Fibre / Plastic Chair Fully Single Molded | 922 Nos @ 398 | 433000.00 |

പ്രൊജക്ട് പ്രകാരമുള്ള ബേബി ചെയറുകൾ ലഭ്യമാവുകയും തുക കൈമാറുകയും ചെയ്ത് മാസങ്ങൾക്കു ശേഷമാണ് സ്ഥാപനവുമായി എഗ്രിമെന്റ് നടപടികൾ ആരംഭിച്ചിട്ടുള്ളത് (21.06.2022). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കുറഞ്ഞ സമയപരിധിക്കുള്ളിൽ നിർവ്വഹണം പൂർത്തീകരിക്കേണ്ടതിനാലും ഫൈബർ ബേബി ചെയറുകൾ ആർട്ടോ നിർമ്മിക്കുന്നുണ്ടെന്നും അതുസംബന്ധിച്ച കത്തുകൾ നേരിട്ട് എത്തിച്ചുതരാമെന്നും ആർട്ടോ അറിയിച്ചതിനാലുമാണ് ആർട്ടോയിൽ നിന്ന് ഫൈബർ ബേബി ചെയറുകൾ വാങ്ങിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. പർച്ചേസ് ഓർഡറിൽ ICDS സൂപ്പർവൈസറുമായി കരാറിലേർപ്പെടണമെന്ന് പറഞ്ഞിരുന്നുവെങ്കിലും പല പ്രാവശ്യം രേഖാമൂലം ആവശ്യപ്പെട്ടതിനുശേഷം എഗ്രിമെന്റ് പേപ്പർ വാങ്ങിവെപ്പിക്കുകയായിരുന്നു എന്നും മറുപടി നൽകി. ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(Enquiry Number : 10/20.01.2023)

## 1-29 ഹോമിയോ മരുന്ന് വാങ്ങൽ 139436 / രൂപയുടെ മരുന്നുകൾ ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (88/22) പ്രൊജക്ട് പ്രകാരം ₹ 300000 മരുന്ന് വാങ്ങുന്നതിന് HOMCO ന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

| | |
|---|---|
| ഫണ്ട്/അടങ്കല് | വികസന ഫണ്ട് /800000 |
| മരുന്നിന് ചെലവഴിച്ച തുക/ വൗച്ചർ നമ്പർ | ₹ 300000/ ( 22100931/16.11.2021 ) |

മേൽ പ്രൊജക്ട് പ്രകാരം 300,000 രൂപ മുൻകൂർ നൽകിയതിൽ 160564 രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചത്. ₹ 139436 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | PF 333/ 27.07.2021 | 300000 | LF 2649/11.03.2022 | 72176 |
| 2 | | | LF 739/22.09.2022 | 88388 |
| ആകെ | | 300000 | ആകെ | 160564 |

അവശേഷിക്കുന്ന 139436/- രുപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 ജല ജീവൻമിഷൻ - പഞ്ചായത്ത് വിഹിതം നൽകിയത് - വിനിയോഗ വിവരം ലഭ്യമല്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ- പഞ്ചായത്ത് വിഹിതം( 26/22 ) പദ്ധതിയുടെ ഭാഗമായി വിവിധ ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള ഗ്രാമപ്പഞ്ചായത്ത് വിഹിതം , ഗുണഭോക്തൃ വിഹിതം ഇനങ്ങളിലായി ₹1900000 പഞ്ചായത്തിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ( വൗച്ചർ നമ്പർ 22100243/02.07.2021 ₹ 1150000, 22100244/02.07.2021 ₹ 750000 )

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) തുക പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനം തുക കൈപ്പറ്റിയതിന് പഞ്ചായത്തിന് യാതൊരു രേഖയും നൽകിയിട്ടില്ല.

2) പതിമൂന്നാം പഞ്ചവത്സര പദ്ധതി പദ്ധതി മാർഗ്ഗരേഖ പ്രകാരം ( GO(MS) 11/2018/LSGD Dt 29.01.2018 ) നിർവഹണോദ്യോഗസ്ഥൻ നേരിട്ടല്ലാതെ നടത്തുന്ന എല്ലാ മരാമത്ത് പ്രവൃത്തികളിലും നിർവഹണ ഏൻസിയുമായി തദ്ദേശ സ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം പണം നൽകിയ കേരള വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

3) പണം കൈമാറി ഒരു വർഷത്തിലധികമായിട്ടും കേരള വാട്ടർ അതോറിറ്റി കൈപ്പറ്റിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനക്ക് ഹാജറാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എങ്കിൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത്വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-31 വെള്ളം ഗുണനിലവാര പരിശോധന ലാബ് സ്ഥാപിച്ചില്ല - പാഴ്ചെലവ്

2021-22 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ വെള്ളം ഗുണനിലവാര പരിശോധന ലാബ് സജ്ജമാക്കൽ ( 129/21-22 ) എന്ന പ്രൊജക്ട് പ്രകാരം അരീക്കോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി ലാബിൽ വെള്ളം ഗുണനിലവാര പരിശോധന ലാബ് സജ്ജമാക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാ സ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ( KIIDC) എന്ന സ്ഥാപനത്തിന് മുൻകൂറായി ₹ 1,50,000 നൽകിയിട്ടുണ്ട് .

: അടങ്കൽ : 2,06,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്.

ചെലവ് ; 1,50,000/- ( വൗച്ചർ നം XYFC /2021-22/P/21 Dt 29.03.2022 )
KIIDC യുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് മുൻകൂറായി പണം നൽകുകയാണ് ചെയ്തത്.
പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.
1)മുൻകൂർ പണം നൽകിയെങ്കിലും പ്രൊജക്ട് പ്രകാരമുള്ള ലാബ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.
2)ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ഇത്തരത്തിൽ ഒരു പ്രൊജക്ട് ഏറ്റെടുക്കാൻ പഞ്ചായത്തിന് അനുമതി നൽകിയിട്ടില്ല.
3)ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള ഗവ ഹയർസെക്കണ്ടറി സ്കൂളിൽ ഇത്തരത്തിൽ ഒരു പ്രവൃത്തി നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ അനുമതി നേടിയിട്ടില്ല.
4)ജല പരിശോധനാ ലാബ് സ്ഥാപിക്കുന്നതിന് പണം മുൻകൂർ നൽകുന്നതിനുള്ള ഏജൻസിയായി KIIDC യെ സർക്കാർ അംഗീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 05/2021-22/18.01.2023ന് ലഭ്യമാക്കിയ മറുപടിയിൽ MLA യുടെ നിർദ്ദേശപ്രകാരമാണ് ഇത്തരം പ്രൊജക്ട് നടപ്പാക്കിയത് എന്നും പ്രവൃത്തി നടത്തുന്നതിന് KIIDC നടത്തിയ ടെണ്ടറിൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാവാത്തതിനാലാണ് ലാബ് നിർമ്മിക്കാത്തത് എന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെ ലാബ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് പണം നൽകിയത് ക്രമപ്രകാരമല്ല. മേൽ പ്രൊജക്ട് നടപ്പാക്കുന്നതിന് സർക്കാർ അനുമതി നേടി പ്രൊജക്ട് നടപ്പാക്കുകയോ അല്ലാത്ത പക്ഷം ചെലവ് തുക തിരിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്.
മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ഈ ഇനത്തിലെ ചെലവ് തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 16-01-2023 മുതൽ 24-01-2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1220000 | പ്രൊജക്ട് നമ്പർ: 19- ലൈഫ് ഭവന പദ്ധതി ജനറൽ | 1220000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1092699 | പ്രൊജക്ട് നമ്പർ: 20 ലൈഫ് ഭവന പദ്ധതി SC | 1092699 | |
| ബ്ലോക്ക് പഞ്ചായത്ത് | 119000 | പ്രൊജക്ട് നമ്പർ: 30 നെൽകൃഷി വികസനം | 119000 | |
| ബ്ലോക്ക് പഞ്ചായത്ത് | 207000 | പ്രൊജക്ട് നമ്പർ: 35 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധന സഹായം നൽകൽ. | 207000 | |
| ബ്ലോക്ക് പഞ്ചായത്ത് | 59500 | പ്രൊജക്ട് നമ്പർ: 53 പച്ചക്കറി കൃഷി വികസനം | 59500 | |
| ബ്ലോക്ക് പഞ്ചായത്ത് | 198720 | പ്രൊജക്ട് നമ്പർ: 127 വയോജനങ്ങൾക്ക് കട്ടിൽ(SC) | 198720 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 550000 | പ്രൊജക്ട് നമ്പർ: 128 ഭൂരഹിത ഭവന രഹിതർക്ക് വീടിന് സ്ഥലം വാങ്ങൽ | 550000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 122592 | പ്രൊജക്ട് നമ്പർ: 143 പൂങ്കുടി വനിത തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങൽ | 122592 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 238461 | പ്രൊജക്ട് നമ്പർ: 144 വിയറ്റനാം കോളനി വനിത തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങൽ | 238461 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 39200 | പ്രൊജക്ട് നമ്പർ:148 പടിക്കൽ തൊടി സാംസ്കാരിക നിലയത്തിലേക്ക് ടി.വി വാങ്ങലും കണക്ഷൻ ഏർപ്പെടുത്തലും | 39200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 202600 | പ്രൊജക്ട് നമ്പർ:153 ലൈഫ് ഭവന പദ്ധതി ജനറൽ | 202600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 240000 | പ്രൊജക്ട് നമ്പർ:227 സ്കൂളുകൾക്ക് ടോയ്ലറ്റ് | 240000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | പ്രൊജക്ട് നമ്പർ:234 കൊഴക്കോട്ടൂർ കളി സ്ഥല നിർമ്മാണം സ്ഥലം വാങ്ങൽ | 500000 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പ്രൊജക്റ്റ് നമ്പർ:271 ചീക്കുളം വയൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 750000 | പ്രൊജക്റ്റ് നമ്പർ:35 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധന സഹായം നൽകൽ. | 750000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | ജൽജീവൻ മിഷൻ ഗാർഹിക കുടിവെള്ള കണക്ഷൻ – പഞ്ചായത്ത് വിഹിതം | 22100243, 22100244 Dtd 02.07.2021 | 1900000/- (1150000+ 750000) | 0 | പൂർത്തീകരിച്ചിട്ടില്ല. | 1900000/- |
| ഭൂജല വകുപ്പ് | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന് വേണ്ടി കുഴൽ കിണർ നിർമ്മാണം | 22101077 Dtd 23.02.22 | 55916 | 45920 | പൂർത്തീകരിച്ചു. | 9996-തിരികെ ലഭ്യമായി |
| KSEB | തെരുവ് വിളക്ക് – സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 22101076 Dtd 18.02.22 | 2950000 | 2950000 | പൂർത്തീകരിച്ചു. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 20000000 |
| ആകെ | 20000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| നിക്ഷേപത്തിന്റെ വിവരം (ബാങ്ക്) | തുക | രശീതി നം തിയതി. |
|---|---|---|
| SBI അരീക്കോട് Fixed Deposit | 20000000 | - |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പു പ്രകാരമുളള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-21<br>2-22<br>2-20<br>2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2000-01(Exp) | 2-21<br>2-22 | 2006-07 | | നോട്ട് ബുക്ക് നിർമ്മാണ യൂണിററുകൾ | " |
| 1999-00 (Exp) | 2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ 1210000 | " |
| 2000-01 | 2-20 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് | " |

| | | | | | |
|---|---|---|---|---|---|
| | | | | ലൈൻ നീട്ടൽ 397000 | |
| 1999-00 | 2-23 | 2006-07 | | KWA ഡെപ്പോസിററ് വിവിധ പദ്ധതികൾ | " |
| 2000-01 | 2-30 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | " |
| 1999-00 | 2-24 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | " |
| | | 2012-13 | | പ്രവർത്തനക്ഷമത റിപ്പോർട്ട് (തൊഴിലുറപ്പു പദ്ധതി) | " |
| 2013-14<br>14-15 | 3-1 | 2015-16 | | വെള്ളക്കരം അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(9) | 2016-17 | | തൊഴിൽ നികുതി- അപാകതകൾ | " |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 25 | പി ലത സെക്രട്ടറി | LF 6458/ Spl.Cell/SC5/06/19.09.2000/25.09.2000 | 36067/- | -- | -- | -- | -- | -- | 36067/- |

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2010-11 | 3-15 | ശ്രീ.ഉണ്ണികൃഷ്ണൻ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ആരോഗ്യ വകുപ്പ്. | LF 17736/ Spl.Cell/SCC/D1/13/15.4.15 | 35000/- | -- | -- | -- | -- | -- | 35000/- |
| 2 | 1996-97 | 48(1)(3),(4)49(2)(3)50,51(1)(2)52,55 | വി ലത സെക്രട്ടറി | LF 167196/Spl.Cell/SC3/2000 07.02.02 | 3028 | 240(Para 50) 37223/43/02.12.04 | | | | 240 | 2788 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98760714 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116359514 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2230000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 180000 | ശ്രീമതി.വിനി.എസ്. സെക്രട്ടറി |
| 1-30 | 1900000 | ശ്രീ പി അരവിന്ദൻ .അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 150000 | ശ്രീ. ചന്ദ്രൻ, ഹെഡ്മാസ്റ്റർ |
| ആകെ | 2230000 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം13/989/99തീയതി.30.9.03 | 24 |
| 1997-98 | കെഎസ്എഎം പി എം7/416/19 തീയതി 2.07.19 | 31 |
| 1998-99 | എൽ എഫ് എം8/123/04തീയതി.6.10.14 | 11 |
| 2000-01 ചെലവ് | എൽ എഫ് എം15/103/06തീയതി.8.8.16 | 34 |
| 2000-01 വരവ് | എൽ എഫ് എം15/483/07തീയതി.23.3.07 | 6 |
| 2001-02 | എൽ എഫ് എ9/1662/11തീയതി.6.6.12 | 6 |
| 2002-03 | എൽ എഫ് എം15/687/08തീയതി31.12.08 | 15 |
| 2003-04 | എൽ എഫ് എം15/688/08തീയതി.31.12.08 | 13 |
| 2004-05 | എൽ എഫ് എം15/689/08തീയതി.31.12.08 | 22 |
| 2005-06 | എൽ എഫ്എം7/1666/11തീയതി.19.8.13 | 11 |
| 2006-07 | എൽ എഫ് എം7/1667/11തീയതി.19.8.13 | 7 |
| 2007-08 | എൽ എഫ്എം7/1668/11തീയതി.19.8.13 | 8 |
| 2008-09 | എൽ എഫ് എം7/2552/11തീയതി.19.8.13 | 5 |
| 2009-10 | എൽ എഫ് എം7/2552/11തീയതി16.8.13 | 3 |
| 2010-11 | എൽ എഫ് എം7/794/13തീയതി.23.9.13 | 20 |
| 2011-12, 12-13 | എൽ എഫ് എം7/2557/14തീയതി.16.12.14 | 10 |
| 2013-14 2014-15 | കെഎസ്എഎം പി എം7/739/16 തീയതി 22.05.17 | 9 |
| 2015-16 | കെ എസ് എ എം പി എം7/3014/16 തീയതി.24.02.18 | 5 |
| 2016-17 | കെ എസ് എ എം പി എം7/2175/17 തീയതി.24.07.18 | 9 |
| 2017-18 | കെ എസ് എ എം പി എം7/2613/17 തീയതി.29.11.18 | 23 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം.7/2858/19 തീയതി.4-1-20 | 15 |
| 2019-20 | നം.കെ.എസ്.എ/ എം.പി.എം.7/914/21തീയതി.30-06-21 | 23 |
| 2020-21 | നം.കെ.എസ്.എ/ എം.പി.എം.7/1077/22തീയതി.29-06-22 | 18 |

**<u>അനുബന്ധം-1</u>**
**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്